REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 16-06-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധിയിൽ കർഷകർക്ക് 20,000 കോടിയിൽ പരം രൂപ പ്രധാനമന്ത്രി നരേന്ദ്രമോദി ചൊവ്വാഴ്ച കൈമാറും.
- വന്ദേഭാരത് സ്ലീപ്പർ ട്രെയിനുകളുടെ പരീക്ഷണ ഓട്ടം രണ്ട് മാസത്തിനകം ഉണ്ടാകുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്.
- ലോക കേരള സഭ തിരുവനന്തപുരത്ത് സമാപിച്ചു.
- ഇസ്ലാം മത വിശ്വാസികൾ നാളെ ബലിപെരുന്നാൾ ആഘോഷിക്കും.
- പാലക്കാട് - തൃശൂർ ജില്ലകളിൽ ചിലയിടങ്ങളിൽ ഇന്ന് പുലർച്ചെയും ഭൂചലനം.
- ട്വന്റി 20 ക്രിക്കറ്റ് ലോകകപ്പ്ിൽ ഇന്ത്യ– കാനഡ മത്സരം മഴമൂലം ഉപേക്ഷിച്ചു.

## വാർത്തകൾ വിശദമായി

പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധിയിലെ ഒൻപത് കോടിയിൽ പരം കർഷകരുടെ അക്കൗണ്ടുകളിലേക്ക് 20,000 കോടിയിൽ പരം രൂപ പ്രധാനമന്ത്രി നരേന്ദ്രമോദി ചൊവ്വാഴ്ച കൈമാറുമെന്ന് കൃഷി - ഗ്രാമ വികസന മന്ത്രി ശിവരാജ് സിംഗ്

ചൗഹാൻ അറിയിച്ചു. കഴിഞ്ഞ പത്ത് വർഷങ്ങളിൽ 11 കോടിയോളം കർഷകരുടെ അക്കൗണ്ടുകളിലേക്ക് മൂന്ന് ലക്ഷം കോടിയിൽപരം രൂപ നൽകിയിട്ടുണ്ടെന്ന് അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു. ചടങ്ങിൽ സംബന്ധിക്കാൻ എല്ലാ മുഖ്യമന്ത്രിമാർക്കും കത്ത് നൽകിയിട്ടുണ്ട്.

✪✪✪

പാർലമെന്റ് സമുച്ചയത്തിലെ പ്രേരണാസ്ഥൽ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ ഇന്ന് ഉദ്ഘാടനം ചെയ്യും. സ്വാതന്ത്ര്യ സമര രംഗത്തെ പ്രമുഖ നേതാക്കളുടെ പ്രതിമകൾ ഒരേ സമയം നേരിൽ കാണാനും ആദരമർപ്പിക്കാനും വിശിഷ്ടാതിഥികൾക്കും സന്ദർശകർക്കും അവസരം ഒരുക്കുന്നതിനും വേണ്ടിയാണ് പ്രേരണാസ്ഥൽ നിർമ്മിച്ചത്. സ്വാതന്ത്ര്യ സമര പോരാളികളുടെ ജീവിതകഥയും സന്ദേശവും സന്ദർശകർക്ക് ലഭ്യമാകുന്ന പുതിയ സാങ്കേതിക സംവിധാനങ്ങൾ പ്രേരണാസ്ഥലിൽ ഒരുക്കിയിട്ടുണ്ട്.

✪✪✪

ഗുജറാത്ത് ഭുജ്ജിലെ സ്മൃതിവൻ ഭൂകമ്പ സ്മാരക മ്യൂസിയത്തെ യുനസ്കൊ *പ്രിക്സ് വെഴ്സയിൽസ് മ്യൂസിയം* ആയി തെരഞ്ഞെടുത്തതിൽ പ്രധാനമന്ത്രി നരേന്ദ്രമോദി സന്തോഷം അറിയിച്ചു. 2001-ൽ കച്ച് മേഖലയിലെ വൻ ഭൂകമ്പത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്കായി സമർപ്പിച്ച സ്മാരകമാണിത്. വാസ്തു - ശിൽപ രൂപ മാതൃകയുടെ സവിശേഷത കണക്കിലെടുത്താണ് മ്യൂസിയത്തിന് യുനസ്കൊയുടെ അംഗീകാരം ലഭിച്ചത്.

മനുഷ്യന്റെ അതിജീവനത്തിന്റെയും ധീരതയുടെയും സ്മരണ ഉണർത്തുന്നതാണ് മ്യൂസിയമെന്നും പ്രധാനമന്ത്രി പറഞ്ഞു. ആഭ്യന്തര മന്ത്രി അമിത് ഷാ യുനസ്കൊ അംഗീകാരം ഇന്ത്യയ്ക്ക് ഹൃദയസ്പർശിയായ നിമിഷമാണെന്ന് അഭിപ്രായപ്പെട്ടു.

✪✪✪

ഉത്തരാഖണ്ഡിലെ രുദ്രപ്രയാഗ് ജില്ലയിൽ റെയ്ന്തോളിക്ക് സമീപം തീർത്ഥാടകരുടെ വാഹനം കിടങ്ങിലേക്ക് മറിഞ്ഞ് 14 പേർ മരിച്ചു. ഗുരുതരമായി പരിക്കേറ്റ ഏഴ് തീർത്ഥാടകരെ ഋഷികേശിലെ എയിംസ് ആശുപത്രിയിലും, മറ്റ് ആശുപത്രികളിലും പ്രവേശിപ്പിച്ചു.

സംഭവത്തിൽ സമഗ്ര അന്വേഷണം നടത്താൻ മുഖ്യമന്ത്രി, ജില്ലാ മജിസ്ട്രേറ്റിനെ ചുമതലപ്പെടുത്തി.

✪✪✪

രുദ്രപ്രയാഗ് വാഹനാപകടത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ദുഃഖം അറിയിച്ചു. മരിച്ചവരുടെ കുടുംബത്തിന് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപ ധനസഹായം പ്രഖ്യാപിച്ചു. പരിക്കേറ്റവർക്ക് 50,000 രൂപ നൽകും.

✪✪✪

വന്ദേഭാരത് സ്ലീപ്പർ ട്രെയിനുകളുടെ പരീക്ഷണ ഓട്ടം അടുത്ത രണ്ട് മാസത്തിനകം ഉണ്ടാകുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു. ഇപ്പോൾ ചെയർ കാർ കോച്ചുകൾ മാത്രമാണ് വന്ദേഭാരതിൽ

ഏർപ്പെടുത്തിയിരിക്കുന്നത്. അടുത്ത അഞ്ച് വർഷം റെയിൽവെയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും യാത്രക്കാരുടെ സുഖകരമായ യാത്രയ്ക്കും ഗവൺമെന്റ് ശ്രദ്ധ നൽകുമെന്ന് അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു. കഴിഞ്ഞ പത്ത് വർഷങ്ങളിൽ 35,000 ത്തോളം കിലോമീറ്ററോളം റെയിൽപാതങ്ങളാണ് നിർമ്മിച്ചത്. താഴ്ന്ന വരുമാനക്കാർക്ക് സുഖയാത്ര ലഭ്യമാക്കാൻ നടപടിയെടുക്കുമെന്നും അശ്വിനി വൈഷ്ണവ് അറിയിച്ചു.

✪✪✪

കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന മൂന്ന് ക്രിമിനൽ നിയമങ്ങളെക്കുറിച്ച് ഇന്ന് കൊൽക്കത്തയിൽ സംവാദ പരിപാടിയും ചോദ്യോത്തര സെഷനും സംഘടിപ്പിക്കും. ഭാരതീയ ന്യായ സംഹിത, ഭാരതീയ നാഗരിക് സുരക്ഷാ സംഹിത, ഭാരതീയ സാക്ഷ്യ അധിനിയം, എന്നീ നിയമങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്.

അടുത്ത മാസം ഒന്നിന് നിയമങ്ങൾ നിലവിൽ വരും. കഴിഞ്ഞ ഡിസംബറിൽ നിയമങ്ങൾക്ക് രാഷ്ട്രപതി അംഗീകാരം നൽകിയിരുന്നു.

✪✪✪

പ്രശസ്ത വന്യ ജീവി ചലച്ചിത്രകാരൻ സുബ്ബയ്യ നല്ലമുത്തുവിന് V. ശാന്താറാം ആജീവനാന്ത സംഭാവനാ പുരസ്കാരം. 18-ാമത് മുംബൈ അന്താരാഷ്ട്ര

ചലച്ചിത്രോത്സവത്തിൽ അദ്ദേഹത്തിന് പുരസ്കാരം സമ്മാനിക്കുമെന്ന് കേന്ദ്ര സഹമന്ത്രി ഡോ, L മുരുകൻ അറിയിച്ചു. വന്യജീവി ചലച്ചിത്ര ഛായാഗ്രഹണ രംഗത്ത് നല്ലമുത്തുവിന്റെ സംഭാവനകൾ മുൻനിർത്തിയാണ് അവാർഡ്. ഇന്ത്യയിൽ ഏറ്റവും നീണ്ടകാലം സംപ്രേക്ഷണം ചെയ്ത പരിസ്ഥിതി പരമ്പര *ലിവിംഗ് ഓൺ ദ എഡ്ജ്* അദ്ദേഹത്തിന്റെ മികച്ച സംഭാവനകളിൽ ഒന്നാണ്. അഞ്ച് ദേശീയ ചലച്ചിത്ര അവാർഡുകൾക്ക് പുറമെ നിരവധി ദേശീയ - അന്തർദേശീയ പുരസ്കാരങ്ങളും സുബ്ബയ്യ നല്ലമുത്തു നേടിയിട്ടുണ്ട്.

⭘⭘⭘

ലോക കേരള സഭ ഇന്നലെ തിരുവനന്തപുരത്ത് സമാപിച്ചു. 103 രാജ്യങ്ങളിൽ നിന്ന് 200 ലേറെ പ്രതിനിധികൾ പങ്കെടുത്തു. കേരള സഭയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾക്ക് മുഖ്യമന്ത്രി പിണറായി വിജയൻ മറുപടി നൽകി.

ഡെസ്ക് റിപ്പോർട്ട്...

.........വോയ്സ്.........

കേരളത്തിന്റെ തനതു കലകളും സംസ്കാരവും വിദേശത്ത് എത്തിക്കാനും ബ്രാൻഡ് ചെയ്യാനും കേരള കലാമണ്ഡലം കലാരൂപങ്ങൾ കോർത്തിണക്കി വിവിധ രാജ്യങ്ങളിൽ ഷോ സംഘടിപ്പിക്കുമെന്നു മുഖ്യമന്ത്രി അറിയിച്ചു. അഞ്ച് ദിവസം വരെ നീളുന്ന പരിപാടികളായിരിക്കും കലാമണ്ഡലം അവതരിപ്പിക്കുന്നത്. ഇതിന്റെ ആദ്യ ഷോ അമേരിക്കയിൽ സംഘടിപ്പിക്കും.

തിരുവനന്തപുരത്ത് ലോക കേരള സഭാ സമ്മേളനത്തിന്റെ സമാപന ചടങ്ങിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. ചടങ്ങിൽ ലോക കേരളം ഓൺലൈൻ പ്ളാറ്റ് ഫോം അദ്ദേഹം ഉദ്ഘാടനം ചെയ്തു.

ലോക കേരള സഭ ഭാവിയിലും തുടരാൻ നിയമ പരിരക്ഷ നൽകാൻ ശ്രദ്ധിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. വ്യവസായ വികസനം ലക്ഷ്യമിട്ട് അടുത്ത ജനുവരിയിൽ ആഗോള നിക്ഷേപ സംഗമം സംഘടിപ്പിക്കും. ഇതിനായി 22 മുൻഗണനാ മേഖലകൾ കണ്ടെത്തിയിട്ടുണ്ട്. തൊഴിൽ - വിസാ തട്ടിപ്പുകൾക്കെതിരെ ക്യാമ്പസുകളിൽ ബോധവൽക്കരണവും നടത്തും.

✪✪✪

ത്യാഗത്തിന്റെയും ആത്മ സമർപ്പണത്തിന്റെ സ്മരണയിൽ ഇസ്ലാം മത വിശ്വാസികൾ നാളെ ബലി പെരുന്നാൾ ആഘോഷിക്കും. പ്രവാചകൻ ഇബ്രാഹിം നബി മകൻ ഇസ്മായിലിനെ ദൈവ കല്പന മാനിച്ച് ബലിയറുക്കാൻ ശ്രമിച്ചതിന്റെ ഓർമ പുതുക്കലാണ് വിശ്വാസികൾക്ക് ബലി പെരുന്നാൾ. ഹജ്ജ് കർമത്തിന്റെ പരിസമാപ്തി കൂടിയാണ് ഈ ആഘോഷം. ബലി പെരുന്നാളിനോടനുബന്ധിച്ച് സംസ്ഥാനത്തെ പള്ളികളിൽ നാളെ പ്രത്യേക പ്രാർത്ഥനകൾ നടക്കും. ഈദ് നമസ്കാരത്തിന് ശേഷം പ്രവാചകൻ ഇബ്രാഹിമിന്റെയും മകൻ ഇസ്മായിലിന്റെയും ത്യാഗസന്നദ്ധതയെ ഓർപ്പെടുത്തി വിശ്വാസികൾ ബലി കർമ്മവും നിർവ്വഹിക്കും.

✪✪✪

ഹജ്ജ് കർമത്തിന്റെ മൂന്നാംദിനമായ ഇന്ന് ഹാജിമാർ മിനായിൽ സാത്താന്റെ പ്രതീകമായ ജംറയ്ക്ക് നേരേ ആദ്യ കല്ലേറ് നടത്തും. ഏറ്റവും വലിയ ജംറയായ ജംറത്തുൽ അക്ബയിലാണ് പുലർച്ചെ കല്ലേറ് കർമം. തുടർന്ന് മക്കയിലെത്തി കഅബ പ്രദക്ഷിണവും മുടിമുറിക്കലും ഉൾപ്പെടെ നിർവഹിച്ചശേഷം ഇഹ്റാം വേഷം മാറി പുതുവസ്ത്രം അണിയും. അതോടെ ഇന്നത്തെ കർമങ്ങൾക്ക് വിരാമമാകും. പ്രാർഥനാ നിർഭരമായ മനസ്സോടെ ലക്ഷക്കണക്കിന് തീർഥാടകരാണ് ഹജ്ജിന്റെ രണ്ടാം ദിനമായ ഇന്നലെ അറഫയിൽ സംഗമിച്ചത്.

✪✪✪

ട്വന്റി 20 ക്രിക്കറ്റ് ലോകകപ്പിൽ ഇന്നലെത്തെ ഇന്ത്യ-കാനഡ മത്സരം മഴമൂലം ഉപേക്ഷിച്ചു.

ഇന്നലെ മറ്റൊരു മത്സരത്തിൽ ആന്റിഗ്വയിൽ ഇംഗ്ലണ്ട് നമീബിയയെ 41 റൺസിന് തകർത്ത് സൂപ്പർ 8 സാധ്യതകൾ സജീവമാക്കി. ഓസ്ട്രേലിയ സ്കോട്ട്ലൻഡ് മത്സര ഫലത്തെ ആശ്രയിച്ചായിരിക്കും ഇനി ഇംഗ്ലണ്ടിന്റെ സൂപ്പർ 8 സാധ്യത.

ഇന്നത്തെ ഓസ്ട്രേലിയ സ്കോട്ട്ലൻഡ് മത്സരം പുലർച്ച ആരംഭിച്ചു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ സ്കോട്ട്ലൻഡ് 9 ഓവറിൽ രണ്ട് വിക്കറ്റ് നഷ്ടത്തിൽ 92 റൺസെടുത്തിട്ടുണ്ട്. വൈകിട്ട് മറ്റൊരു മത്സരത്തിൽ പാക്കിസ്താൻ അയർലൻഡിനെ നേരിടും.

✪✪✪

യൂറോകപ്പ് ഫുട്ബോളിൽ ഇറ്റലിക്കും സ്പെയിനിനും ജയം.ഇന്നലെ ആദ്യ മത്സരത്തിൽ സ്പെയിൻ എതിരില്ലാത്ത മൂന്ന് ഗോളുകൾക്ക് ക്രൊയേഷ്യയെ തകർത്തു. രണ്ടാം മത്സരത്തിൽ ഇറ്റലി അൽബേനിയയെ 2-1ന് തോൽപ്പിച്ചു.

ഇന്ന് പോളണ്ട് നെതർലന്റ്സിനെയും സ്ലോവേനിയ ഡെൻമാർക്കിനെയും നേരിടും. സെർബിയയും ഇംഗ്ലണ്ടും തമ്മിലാണ് ഇന്നത്തെ അവസാന മത്സരം.

✪✪✪

CPIM സംസ്ഥാന നേതൃയോഗങ്ങൾ ഇന്ന് തിരുവനന്തപുരത്ത് ആരംഭിക്കും. അഞ്ച് ദിവസം നീളുന്ന യോഗത്തിൽ പാർട്ടി ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി അടക്കം കേന്ദ്ര നേതാക്കൾ പങ്കെടുക്കും. ഇന്നും നാളെയും സംസ്ഥാന സെക്രട്ടറിയറ്റ് യോഗവും, ചൊവ്വ, ബുധൻ, വ്യാഴം ദിവസങ്ങളിൽ സംസ്ഥാന കമ്മറ്റി യോഗവും ചേരും.

✪✪✪

സംസ്ഥാനത്തെ പക്ഷിപ്പനി പ്രതിരോധത്തിന് ആരോഗ്യവകുപ്പ് പ്രത്യേക മാർഗ്ഗനിർദേശങ്ങൾ പുറത്തിറക്കി. തിരുവനന്തപുരത്ത് മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ ചേർന്ന ദ്രുത പ്രതികരണ സംഘത്തിന്റെ യോഗത്തിലാണ് മാർഗ്ഗനിർദേശങ്ങൾ തയ്യാറാക്കിയത്. ചേർത്തലയിൽ താറാവുകളിലും പിന്നീട് കാക്കകളിലും പക്ഷിപ്പനി സ്ഥിരീകരിച്ച സാഹചര്യത്തിലാണ് നടപടി.

കർഷകർ, പക്ഷിവളർത്തുകാർ, അനുബന്ധ തൊഴിലാളികൾ, തുടങ്ങിയവർക്കാണ് മാർഗ്ഗനിർദേശം

നൽകുന്നത്. ശരീര വേദനയും പനിയും അടക്കം ലക്ഷണങ്ങളോടെ എത്തുന്നവരെ പ്രത്യേകം നിരീക്ഷിക്കും. കാക്കകൾക്കും മറ്റ് പക്ഷികൾക്കും ഉണ്ടാകുന്ന അസ്വാഭിക മരണങ്ങൾ മൃഗസംരക്ഷണ വകുപ്പിനെ അറിയിക്കണമെന്ന് നിർദ്ദേശമുണ്ട്. ചത്ത പക്ഷികളെയോ രോഗം ബാധിച്ച പക്ഷികളെയോ കൈകാര്യം ചെയ്യരുത്. മുട്ടയും മാംസവും നന്നായി പാചകം ചെയ്ത് ഉപയോഗിക്കമെന്നും യോഗം നിർദേശിച്ചു.

✪✪✪

തിരുവല്ല നഗരസഭയുടെ രണ്ടാം വാർഡിലെ കോഴിഫാമിൽ പക്ഷിപ്പനി സ്ഥിരീകരിച്ചു. ഇതേതുടർന്ന് ഒരു കിലോമീറ്റർ ചുറ്റളവ് രോഗ ബാധിത മേഖലയായും 10 കിലോമീറ്റർ ചുറ്റളവ് നിരീക്ഷണ മേഖലയായും പ്രഖ്യാപിച്ചു. പ്രദേശത്ത് മുട്ടയും, ഇറച്ചിയും, കാഷ്ടവും ഉപയോഗിക്കുകയോ വിപണനം ചെയ്യുകയോ പാടില്ലെന്ന് ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചു.

✪✪✪

ഇന്ന് ലോക പിതൃദിനം. ജൂൺ മാസത്തിലെ മൂന്നാമത്തെ ഞായറാഴ്ചയാണ് ലോകമെമ്പാടും 'ഫാദേഴ്സ് ഡേ' ആഘോഷിക്കുന്നത്.. ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിൽ സംരംക്ഷകനായും കൂട്ടുകാരനായും, അധ്യാപകനായും മാറുന്ന പിതാവിനെ അറിയാനും ആദരിക്കാനും അവസരമൊരുക്കുന്ന ദിവസമാണിത്.

അമേരിക്കയിലെ വാഷിങ്ടണിൽ 1910 ലാണ് ആദ്യമായി ഫാദേഴ്സ് ഡേ ആഘോഷിച്ചത്. ഒരോ വ്യക്തിയുടേയും ജീവിതം പൂർണമാകുന്നതിൽ അച്ഛൻ വഹിക്കുന്ന പ്രാധാന്യം ഓർമപ്പെടുത്തുക എന്നതായിരുന്നു ആ ദിവസം ആഘോഷിക്കാൻ കാരണം. സൊനോറ സ്മാർട്ട് ഡോഡ് എന്ന മകൾ ആണ് ഈ ആശയം മുന്നോട്ടുവച്ചത്.

✪✪✪

പാലക്കാട് - തൃശൂർ ജില്ലകളിൽ ചിലയിടങ്ങളിൽ ഇന്ന് പുലർച്ചെയും ഭൂചലനം അനുഭവപ്പെട്ടതായി പ്രദേശവാസികൾ അറിയിച്ചു.

പാലക്കാട് ജില്ലയിലെ തൃത്താല, തിരുമിറ്റക്കോട് എന്നിവിടങ്ങളിലായിരുന്നു ഭൂചലനം. ഇന്നലെത്തെ ഭൂചലനത്തിന് ശേഷം തുടർ ചലനങ്ങൾക്ക് സാധ്യതയുണ്ടെന്ന് അധികൃതർ അറിയിച്ചിരുന്നു.

✪✪✪

തൃശൂർ പുലർച്ചെ 3.55 ഓടെയായിരുന്നു ഭൂചലനം. കുന്നംകുളം എരുമപ്പെട്ടി വേലൂർ വടക്കാഞ്ചേരി എന്നിവിടങ്ങളിൽ ഭൂചലനം ഉണ്ടായി.

✪✪✪

യൂണിയൻ പബ്ലിക് സർവീസ് കമ്മീഷന്റെ ഈ വർഷത്തെ സിവിൽ സർവീസ് പരീക്ഷയുടെ ആദ്യഘട്ടം ഇന്ന്. രാവിലെ 9.30 മുതൽ 11.30 വരെയും 2.30 മുതൽ 4.30 വരെയും രണ്ട് സെഷനുകളിലാണ് പരീക്ഷ. കേരളത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ 61

കേന്ദ്രങ്ങളിലായി ഇരുപത്തി നാലായിരത്തോളം പേരാണ് പരീക്ഷ എഴുതുന്നത്. ഇവർക്കായി KSRTC പ്രത്യേക സർവ്വീസുകൾ നടത്തും.

✪✪✪

ഒരു മാസം നീണ്ട കൊട്ടിയൂർ വൈശാഖ മഹോത്സവത്തിന് നാളെ സമാപനമാവും. തൃക്കലശാട്ടോടെയാണ് ഉത്സവം സമാപിക്കുന്നത്. ഇന്ന് അത്തം ചതുശ്ശതം നടക്കും.

✪✪✪